മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 മെയ 4

## വാർത്താക്കുറിപ്പ്

---

### സംഗീത ചികിത്സാ ലാബ് ഉദ്ഘാടനം ചെയ്തു

മഹാത്മാഗാന്ധി സർവ്വകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സ്റ്റഡീസ് ഇൻ സയൻസ് ഓഫ് മ്യൂസികിന്റെ (ഐ.യു.സി.എസ്.എസ്.എം.) ഭാഗമായുള്ള മ്യൂസിക് തെറാപ്പി ലാബിന്റെ ഉദ്ഘാടനം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവ്വഹിച്ചു.

വിവിധ കാരണങ്ങളാൽ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് ആവശ്യമായ ചികിത്സ ലഭ്യമാക്കുന്നതിനാണ് ലാബ് സജ്ജീകരിച്ചിരിക്കുന്നത്. അവരുടെ മാനസികമായ ചിന്തകളും ശാരീരീക പ്രവർത്തനങ്ങളും സാധാരണ നിലയിലേക്ക് കൊണ്ടുവരുന്നതിന് സഹായിക്കുന്ന വിധത്തിൽ താളബോധം സൃഷ്ടിച്ചെടുക്കുന്നതിനാവശ്യമായ 24 തരത്തിലുള്ള സംഗീതോപകരണങ്ങളാണ് ലാബിൽ സജ്ജീകരിച്ചിട്ടുള്ളത്. ഇവർക്ക് ഫലപ്രദമായ ചികിത്സ ലഭ്യമാക്കുന്നതിന് ഒരു മ്യൂസിക് തെറാപ്പിസ്റ്റിന്റെ സേവനവും ഉണ്ടായിരിക്കും. സംസ്ഥാന സർക്കാരിന്റെ ധനസഹായം വിനിയോഗിച്ചാണ് ലാബ് സജ്ജീകരിച്ചിട്ടുള്ളത്. അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾ പ്രസ്തുത സ്ഥാപനങ്ങൾ മുഖേന ബന്ധപ്പെട്ടാൽ ഇവിടെ സംഗീത ചികിത്സ ലഭിക്കാൻ സൗകര്യം ഏർപ്പെടുത്തുമെന്ന് സെന്ററിന്റെ ഓണററി ഡയറക്ടർ ഡോ. കെ. ജയചന്ദ്രൻ പറഞ്ഞു.

സംഗീത ചികിത്സാ കേന്ദ്രത്തിന്റെ വികസനത്തിനാവശ്യമായ സൗകര്യങ്ങൾ തുടർന്നും ലഭ്യമാക്കുമെന്ന് ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് വൈസ് ചാൻസലർ പറഞ്ഞു. പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ, സിൻഡിക്കേറ്റ് അംഗം ഡോ. കെ.എം. സുധാകരൻ, സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിന്റെ മേധാവി പ്രൊഫ. പി.ടി ബാബുരാജ്, ഡോ. കെ ജയചന്ദ്രൻ, തെറാപ്പിസ്റ്റും സെന്ററിലെ ഫാക്കൽറ്റി അംഗവുമായ ഡോ. എം. സ്മിത, ആർ രത്നശ്രീ എന്നിവർ സംസാരിച്ചു.

**ഫോട്ടോ ക്യാപ്ഷൻ** : മഹാത്മാഗാന്ധി സർവ്വകലാശാലയിൽ സജ്ജീകരിച്ച പുതിയ മ്യൂസിക് തെറാപ്പി ലാബ് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു.

(പി.ആർ.ഒ./39/518/2022)

### ജെ.ആർ.എഫ് ഒഴിവ്

മഹാത്മാഗാന്ധി സർവ്വകലാശാല - സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ്, ഗുജറാത്ത്, ഷാ പ്ലാസ്റ്റിക്സ് ആന്റ് മാനേജ്മെന്റ് എന്ന സ്ഥാപനവുമായി സഹകരിച്ച് നടത്തുന്ന ഒരു ഗവേഷണ പദ്ധതിയുമായി ബന്ധപ്പെട്ട് ജൂനിയർ റിസർച്ച് ഫെല്ലോയുടെ ഒരു താത്കാലിക ഒഴിവുണ്ട്. നിയമന കാലാവധി രണ്ട് വർഷത്തേക്കായിരിക്കും. പോളിമർ ടെക്നോളജി / നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയിൽ എം.ടെക് യോഗ്യതയോ പോളിമർ സയൻസ് / പോളിമർ കെമിസ്ട്രിയിൽ എം.എസ്.സി. ബിരുദമോ ഉള്ളവരെയാണ് പരിഗണിക്കുക. കൂടാതെ പോളിമർ സ്ട്രക്ച്ചർ പ്രോപർട്ടി റിലേഷൻഷിപ്പ്, പ്ലാസ്റ്റിക് കോംപൗണ്ടിംഗ്, എക്സ്ട്രൂഷൻ, അഡിറ്റീവ്സ് ഫോർ പോളിമർ കോംപൗണ്ടിംഗ്, പോളിമർ കെമിസ്ട്രി എന്നിവയിൽ പരിജ്ഞാനവും ഉണ്ടായിരിക്കണം. നിയമനം ലഭിക്കുന്നയാൾക്ക് പ്രതിമാസം 25,000 രൂപ നിരക്കിൽ പ്രതിഫലം ലഭിക്കും. ഏറ്റവും പുതിയ ബയോഡാറ്റ സഹിതമുള്ള അപേക്ഷ materials@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിൽ സ്വീകരിക്കുന്ന അവസാന തീയതി മെയ് 16. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 8281082083.

(പി.ആർ.ഒ./39/519/2022)

## അപേക്ഷാ തീയതി നീട്ടി

നാലാം സെമസ്റ്റർ സി.ബി.സി.എസ്. (2019 അഡ്മിഷൻ - ഇംപ്രൂവ്മെന്റ് / റീ-അപ്പിയറൻസ്, 2018 & 2017 അഡ്മിഷൻ - റീ-അപ്പിയറൻസ്), സി.ബി.സി.എസ്.എസ്. (2014-2016 അഡ്മിഷൻ - ഇംപ്രൂവ്മെന്റ് / റീ-അപ്പിയറൻസ്, 2013 അഡ്മിഷൻ - മെഴ്സി ചാൻസ്), സൈബർ ഫോറൻസിക് (സി.ബി.സി.എസ്. - 2019 അഡ്മിഷൻ - റീ-അപ്പിയറൻസ്, സി.ബി.സി.എസ്.എസ് - 2014-2018 അഡ്മിഷനുകൾ - റീ-അപ്പിയറൻസ്) ബിരുദ പരീക്ഷകളുടെ അപേക്ഷാ തീയതി നീട്ടി. പിഴയില്ലാതെ മെയ് നാല് വരെയും 525 രൂപ പിഴയോടു കൂടി മെയ് അഞ്ചിനും 1050 രൂപ സൂപ്പർഫൈനോടു കൂടി മെയ് ആറിനും അപേക്ഷിക്കാം.

(പി.ആർ.ഒ./39/520/2022)

## വൈവാ വോസി

നാലാം സെമസ്റ്റർ എം.എ. പൊളിറ്റിക്കൽ സയൻസ് (2019 അഡ്മിഷൻ - പ്രൈവറ്റ് രജിസ്ട്രേഷൻ) ജനുവരി 2022 പരീക്ഷയുടെ വൈവാ വോസി പരീക്ഷ മെയ് 12 ന് ചങ്ങനാശ്ശേരി, എൻ.എസ്.എസ്. ഹിന്ദു കോളേജിൽ നടക്കും. വിദ്യാർത്ഥികൾ ഹാൾ ടിക്കറ്റുമായി പരീക്ഷാ കേന്ദ്രത്തിൽ ഹാജരാകണം. വിശദമായ ടൈം ടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

(പി.ആർ.ഒ./39/521/2022)

## പരീക്ഷാ ഫീസ്

ഒന്ന്, രണ്ട് സെമസ്റ്റർ ബി.ആർക്ക്. (2020 അഡ്മിഷൻ - റെഗുലർ) പരീക്ഷകൾ മെയ് 16 ന് ആരംഭിക്കും. പിഴയില്ലാതെ മെയ് അഞ്ച് വരെയും 525 രൂപ പിഴയോടു കൂടി മെയ് ആറിനും 1050 രൂപ സൂപ്പർഫൈനോടു കൂടി മെയ് ഏഴിനും അപേക്ഷിക്കാം. വിദ്യാർത്ഥികൾ 210 രൂപ സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടക്കണം.

(പി.ആർ.ഒ./39/522/2022)

നാലാം സെമസ്റ്റർ ബി.ആർക്ക്. (2019 അഡ്മിഷൻ - റെഗുലർ) പരീക്ഷകൾ മെയ് 17 ന് ആരംഭിക്കും. പിഴയില്ലാതെ മെയ് അഞ്ച് വരെയും 525 രൂപ പിഴയോടു കൂടി മെയ് ആറിനും 1050 രൂപ സൂപ്പർഫൈനോടു കൂടി മെയ് ഏഴിനും അപേക്ഷിക്കാം. വിദ്യാർത്ഥികൾ 210 രൂപ സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടക്കണം.

(പി.ആർ.ഒ./39/523/2022)

ആറാം സെമസ്റ്റർ എം.എസ്.സി. മെഡിക്കൽ ബയോകെമിസ്ട്രി (2018 അഡ്മിഷൻ - റെഗുലർ / 2014-2017 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകൾ മെയ് 18 ന് ആരംഭിക്കും. പിഴയില്ലാതെ മെയ് ആറ് വരെയും 525 രൂപ പിഴയോടു കൂടി മെയ് ഏഴിനും 1050 രൂപ സൂപ്പർഫൈനോടു കൂടി മെയ് ഒൻപത് വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/524/2022)

## <u>പരീക്ഷാ ഫലം</u>

2022 ജനുവരിയിൽ നടന്ന ആറാം സെമസ്റ്റർ എം.സി.എ. റെഗുലർ ആന്റ് ലാറ്ററൽ എൻട്രി (റെഗുലർ & സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/525/2022)

സ്കൂൾ ഓഫ് ലെറ്റേഴ്സ് 2021 ആഗസ്റ്റിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ. മലയാളം 2020-2022 ബാച്ച് (ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ ഫാക്കൽറ്റി, സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/526/2022)

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് 2021 ജൂലൈയിൽ നടത്തിയ ഒന്നാം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) 2020-2025 ബാച്ച് - റെഗുലർ (ലോ ഫാക്കൽറ്റി, സി.എസ്.എസ്.) പരീക്ഷയുടെ 2021 ഡിസംബറിൽ പ്രസിദ്ധീകരിച്ച് റദ്ദാക്കിയ ഫലം പുന:പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/527/2022)

2021 നവംബറിൽ നടന്ന ഒന്ന്, മൂന്ന്, അഞ്ച് സെമസ്റ്റർ എം.എസ്.സി. മെഡിക്കൽ ബയോ കെമിസ്ട്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനക്കുള്ള അപേക്ഷ 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം മെയ് 16 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സ്വീകരിക്കും.

(പി.ആർ.ഒ./39/528/2022)

**പി.സി. സുരേഷ് കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ